നം.കെഎസ്എ.കെടിഎം.പി.11/1422/2017 തീയതി 05.10.2017

# കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.12.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 31.08.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു.എസ്, ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.08.2017 മുതൽ 31.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. നടരാജൻ പി. ബി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖ വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ.കെ.എസ്.രാജു | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ കെ.സെൻകുമാർ | 1.04.2016 മുതൽ 01.12.2016 വരെ. |
| | ശ്രീമതി ഗിരിജാകുമാരി അയ്യപ്പൻ (സെക്രട്ടറി ചാർജ്) | 01.12.2016 മുതൽ 20.12.2016 വരെ. |
| | ശ്രീമതി ഗിരിജാകുമാരി അയ്യപ്പൻ | 20.12.2016 മുതൽ 31.3.2017 വരെ. |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷാജഹാൻ | 01-04-2016 മുതൽ 16-08-2016 വരെ |
| | ശ്രീമതി ഗിരിജാകുമാരി അയ്യപ്പൻ | 26-08-2016 മുതൽ 20-12-2016 വരെ |
| | ശ്രീ.മുഹമ്മദ് റഖീബ് | 09-01-2017 മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.സജു പി.കുര്യാക്കോസ് | 01.04.2016 മുതൽ 31.03.2017 വരെ. |
| വെറ്ററിനറി സർജൻ | ഡോ.നെൽസൺ എം.മാത്യു | 01.04.2016 മുതൽ 31.03.2017 വരെ. |
| വി.ഇ.ഒ | ശ്രീ.അജേഷ് വി . | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ജയചന്ദ്രൻ കെ.സി. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.മായ എൻ. | 01.04.2016 മുതൽ 19.08.2016 വരെ. |
| | ഡോ.ലക്ഷ്മി എൻ. | 19.08.2016 മുതൽ 02.01.2017 വരെ. |
| | ഡോ.ഫക്രുദീൻ എ. | 02.01.2017 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ബിന്ദു എം.ആർ. | 01.04.2016 മുതൽ 31.08.2016 വരെ. |
| | ശ്രീമതി പത്മിനിയമ്മ റ്റി.ആർ. | 01.09.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ -എൽ.എസ്.ജി.ഡി | ശ്രീ.അനിൽ ഡി.ജെ | 01.04.2016 മുതൽ 22.01.2017വരെ. |
| | ശ്രീ.എസ്.മുഹമ്മദ് റാഫി | 23.01.2017 മുതൽ 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സൂസൻ ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ. |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 – പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക കണക്ക് ലഭിച്ചതിന്റെ വിവരം |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 – വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കിന്റെ അവലോകനം |
| 2-2 | കെട്ടിടനികുതി നിർണ്ണയം – നിർണ്ണയിച്ച തുക കുറവ് |
| 2-3 | വസ്തുനികുതി – റോഡ് വീതി നിർണ്ണയിച്ചത് ക്രമപ്രകാരമല്ല |

| | |
|---|---|
| 2-4 | ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയില്ല |
| 2-5 | സ്ഥാപനതൊഴിൽ നികുതി അടവാക്കിയില്ല |
| 2-6 | ഡി & ഒ ലൈസൻസ് – ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല |
| 2-7 | വാടക കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കണം |
| 2-8 | വാടക – സേവനനികുതി പിരിച്ചെടുത്തത് സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ് |
| 2-9 | പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമല്ല |
| 2-10 | പാഴ്കടലാസ് വിൽപ്പന – പഞ്ചായത്ത് ഫണ്ടിന് നഷ്ടം |
| ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | റവന്യൂ വകുപ്പിന് വിട്ടു നൽകിയ പഞ്ചായത്ത് വാഹനത്തിന് വാടക ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല – പഞ്ചായത്ത് ചെലവിട്ട വാഹന വാടക തടസ്സപ്പെടുത്തുന്നു |
| 3-2 | ടെണ്ടർ നടപടി സുതാര്യമല്ല |
| 3-3 | ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റിലുൾപ്പെടാത്തവർക്ക് സ്കോളർഷിപ്പ് നൽകിയത് |
| 3-4 | വാഹന പരിപാലനം – സർക്കാർ ഉത്തരവിന്റെ ലംഘനം |
| 3-5 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-6 | ടാർ ബാരലിന്റെ വില ഈടാക്കാൻ നടപടികൾ സ്വീകരിക്കണം |
| 3-7 | ആയുർവേദ മരുന്ന് വാങ്ങൽ – 2,984/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല |
| 3-8 | പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങൽ – ചട്ടങ്ങൾ പാലിച്ചിട്ടില്ല |
| 3-9 | ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം നിയമവിരുദ്ധം |
| 3-10 | ആശ്രയ വികസനഫണ്ട് നിഷ്ക്രിയം |
| 3-11 | ഭൂജലവകുപ്പിൽ നിക്ഷേപിച്ച 18,90,915/- രൂപയുടെ പ്രവൃത്തി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 3-12 | ജനറേറ്റർ സ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് – എനർജി മീറ്റർ ടെസ്റ്റ് നടത്താതെ ജനറേറ്റർ പ്രവർത്തിപ്പിക്കുന്നു |
| 3-13 | ഗുണഭോക്തൃസമിതി മുഖേന നിർമ്മാണ പ്രവൃത്തികൾ – സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല |
| 3-14 | എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| 3-15 | വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |

| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
|---|---|
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 27/2/2016 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് | യഥാർത്ഥത്തിലുള്ളത് | കൂടുതൽ | കുറവ് |
|---|---|---|---|---|
| മുന്നിരിപ്പ് | 27839673 | 27658230.06 | | 181442.94 |
| വരവ് | 203895000 | 96453637 | | 107441363 |
| ആകെ | 231734673 | 124111867.06 | | 107622805.94 |
| ചെലവ് | 203878213 | 83094193 | | 120784020 |
| നീക്കിയിരിപ്പ് | 27856460 | 41017674.06 | 1316124.06 | |

പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവും ചെലവും തമ്മിൽ വളരെയേറെ വ്യത്യാസം പ്രകടമാണ്. യാഥാർത്ഥ്യ ബോധത്തോടെ ബഡ്ജറ്റ് തയ്യാറാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരം

2016-17 വാർഷിക കണക്ക് 23-06-2017 ൽ ഓഡിറ്റിന് ലഭിച്ചിട്ടുണ്ട്.

## 1-3 വാർഷികകണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക കണക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള സർട്ടിക്കറ്റ് റിപ്പോർട്ടിനോടൊപ്പം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27658230.06 |
| വരവ് | 96453637 |
| ആകെ | 124111867.06 |
| ചെലവ് | 83094193 |
| നീക്കിയിരിപ്പ് | 41017674.06 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20829571 | 20829571 | 17426720 | 3402851 | 83.66 |
| വികസനഫണ്ട് എസ്.സി.പി. | 0 | 14254335 | 14254335 | 7885330 | 6369005 | 55.31 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 8565573 | 8565573 | 5205404 | 3360169 | 60.77 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8602473 | 8602473 | 5256801 | 3345672 | 61.1 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5382603 | 5382603 | 4189522 | 1193081 | 77.83 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11681138 | 11681138 | 7835766 | 3845372 | 67.08 |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | 0 | 4915402 | 4915402 | 3429901 | 1485501 | 69.78 |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 1607817 | 1607817 | 0 | 1607817 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 187 | 18184994 | 18185181 | 18165819 | 19362 | 99.89 |

## 1-6 പദ്ധതി അവലോകനം.

2016-17 വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകളിൽ 50% മാത്രമാണ് നിർവ്വഹിക്കാൻ കഴിഞ്ഞത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന റോഡ് പ്രവൃത്തികളിൽ ഏറിയ പങ്കും കോൺക്രീറ്റ് വേലകളാണ്. കുറഞ്ഞ ചെലവിൽ ടാറിംഗ് നടത്താവുന്ന പല പ്രവൃത്തികളും കോൺക്രീറ്റ് റോഡുകളായി മാറ്റുന്നത് ആശാസ്യമല്ല. ഓഡിറ്റ് വർഷം ഏകദേശം 26 ലക്ഷം രൂപ ചെലവു വരുന്ന പഞ്ചായത്ത് ഓഫീസ് കെട്ടിടം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്ക് ഭീമമായ തുക വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്യെങ്കിലും പൂർത്തിയാക്കി വിനിയോഗ

സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ആശ്രയ പദ്ധതിക്ക് 20 ലക്ഷം രൂപ കുടുംബശ്രീക്ക് നല്കിയെങ്കിലും പ്രോജക്ടുകൾ ആരംഭിക്കുക പോലും ചെയ്തിട്ടില്ല. പട്ടിക വർഗ്ഗ വികസനത്തിന് ലഭിച്ച 4 ലക്ഷം രൂപ (കോർപ്പസ് ഫണ്ട്) ഉപയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 333 | 116057675 | 193 | 59406891 | 139 | 51.18 |

2016-17 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരെ ഏല്പിച്ചതും നിർവ്വഹണം നടത്തിയതുമായ പ്രോജക്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | അടങ്കൽ/ചെലവ് |
|---|---|---|---|
| കൃഷിഓഫീസർ | 9 | 9 | 1244125/682125 |
| വെറ്ററിനറി സർജൻ | 8 | 8 | 3614780/1824780 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 2 | 1 | 842932/485072 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 2 | 442000/441848 |
| വി.ഇ.ഒ | 17 | 15 | 17785500/8483375 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 6882323/4759170 |
| സെക്രട്ടറി | 43 | 20 | 13008277/8578995 |
| അസിസ്റ്റന്റ് സെക്രട്ടറി | 34 | 23 | 22198945/12477560 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 212 | 110 | 49338793/20973966 |
| ഡി.ഇ.ഒ. | 1 | 1 | 700000/700000 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6422216 | 10139939 | 3717723 | (+)57.88 |
| നികുതിയേതര വരവുകൾ | 4483035 | 4798291 | 315256 | (+)7 |
| മറ്റു വരവുകൾ | 304441 | 373153 | 68712 | (+)22.56 |
| ആകെ | 11209692 | 15311383 | 4101691 | (+)36.5 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 107160 | 82 |
| കർഷകതൊഴിലാളി പെൻഷൻ | 1257690 | 149 |
| വിധവാപെൻഷൻ | 12146220 | 1213 |
| വാർദ്ധക്യകാലപെൻഷൻ | 23255560 | 2558 |
| വികലാംഗപെൻഷൻ | 3550895 | 395 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31/08/2017-ൽ സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 39001/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

1) ഓഫീസ് ഉത്തരവുകളും അവയുടെ നടപ്പാക്കലും

31.3.2016 വരെ നിലവിലുണ്ടായിരുന്ന ഓഫീസ് ഉത്തരവുകൾക്ക് പുറമേ 13 ഓഫീസ് ഉത്തരവുകളുടെ പിൻബലത്തിലാണ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ഓഫീസ് പ്രവർത്തനങ്ങൾ നടത്തപ്പെട്ടത്. എന്നാൽ ഉത്തരവുകൾ പലതും നടപ്പാക്കുന്നതിൽ അവധാനത പുലർത്തി കാണുന്നില്ല. ഉദാഹരണത്തിന് 31.1.2017ലെ 5/17-ാം നമ്പർ ഓഫീസ് ഉത്തരവിലൂടെ 100% നികുതിപ്പിരിവ് കൈവരിക്കുന്നതിന് ഊർജ്ജിത നടപടിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഉത്തരവ് നടപ്പായില്ല. അതേപോലെ തന്നെ 27.1.17ലെ 4/17-ാം നമ്പർ ഉത്തരവിലൂടെ 2017 ജനുവരി മാസം വസ്തുനികുതി പരിഷ്കരണപ്രക്രിയ പൂർത്തിയാക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും 2017 ഓഗസ്റ്റ് മാസത്തോട് കൂടിയാണ് പൂർത്തിയാക്കിയത്. 1/2017 തീ.9.1.17 ഉത്തരവ് ഫയൽ ക്ലോസിംഗും ആയത് റെക്കോഡ് റൂമിലേയ്ക്ക് മാറ്റുന്നതും സംബന്ധിച്ചായിരുന്നു. എന്നാൽ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലായിട്ടില്ല.

2) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിന്റെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൂർണ്ണമായും തൃപ്തികരമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

(എ) മിനിട്സ് ബുക്ക്

ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മറ്റിയുടെ മിനിട്സ് ബുക്ക് 04/16 മുതൽ 12/16 വരെ കയ്യെഴുത്തും 01/17 മുതൽ ഓൺലൈൻ സമ്പ്രദായത്തിലുമാണ്. മിനിട്സ് ബുക്ക് പരിശോധിച്ചതിൽ മിനിട്സ് പഞ്ചായത്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നില്ല എന്ന ഗൗരവതരമായ അപാകത ശ്രദ്ധയിൽപ്പെട്ടു. 04/16 മുതൽ 12/16 വരെയുള്ള മിനിട്സ് പൂർണ്ണമായും, 01/17 മുതൽ 03/17 വരെയുള്ളവ ഭാഗികമായും പ്രസിഡന്റ് ഒപ്പുവച്ചിട്ടില്ല. യോഗതീരുമാനങ്ങളിൽ അദ്ധ്യക്ഷൻ ഒപ്പു ചാർത്താതിരുന്നാൽ അവയെ തീരുമാനങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്താനാവില്ല. ഫലത്തിൽ, ഗ്രാമപഞ്ചായത്തിലെ വ്യവഹാരങ്ങൾ കമ്മിറ്റി തീരുമാനത്തിന്റെ അഭാവത്തിൽ നിർവ്വഹിക്കപ്പെട്ടതായി വിലയിരുത്താം. മിനിട്സ് ബുക്കിലെ വിവിധ തീരുമാനങ്ങളുടെ രേഖപ്പെടുത്തലുകൾക്കിടയിൽ അനാവശ്യമായ വിടവ് നൽകി വരുന്നു. (ഉദാഹരണം 12.05.16 ലെ മിനിട്സിന്റെ ആമുഖത്തിനിടയിൽ - പേജ് നം. 152). പല കമ്മിറ്റി തീരുമാനങ്ങളും ആയതിന്റെ അജണ്ടയും സ്വയം വിവരണാത്മകമല്ല. ഉദാഹരണത്തിന് 07.01.2017 ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 3-ാം നമ്പർ അജണ്ട തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർ വാങ്ങുന്നത് സംബന്ധിച്ച് എന്നാണ്. ആയതിന്റെ തീരുമാനം നമ്പർ ചേർത്തിട്ടില്ല. “NREGA ഓവർസീയറുടെ കത്ത് " എന്നു മാത്രമാണ് തീരുമാനം. മിനിറ്റ്സ് ബുക്കിൽ വിവരങ്ങൾ ശരിയായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(ബി) ഫ്യൂവൽ രജിസ്റ്ററും ലോഗ്ബുക്കും

ഗ്രാമപഞ്ചായത്തിൽ ഇന്ധനസഹായത്താൽ പ്രവർത്തിക്കുന്നത് നാലു യന്ത്രങ്ങളാണ്. അതിൽ രണ്ടു വാഹനങ്ങളും 2 ജനറേറ്ററുകളും ഉൾപ്പെടുന്നു. ഇവയ്ക്ക് ഇന്ധനചെലവിനായി പ്രതിമാസം 35,000/-നും 50,000/-നും ഇടയ്ക്ക് ചെലവിടുന്നു. എന്നാൽ ഈ ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ന്യായീകരിക്കത്തക്ക രീതിയിൽ

ഫ്യൂവൽ രജിസ്റ്ററോ ലോഗ് ബുക്കോ സൂക്ഷിക്കുന്നില്ല. സൂക്ഷിക്കപ്പെടുന്ന രജിസ്റ്റർ ഇവയുടെ ഇന്ധന ആവശ്യവും ഉപഭോഗവും വ്യക്തമാക്കുന്നില്ല. ഗ്രാമപഞ്ചായത്തിന് സ്വന്തമായുള്ള കെഎൽ34-9135 ടിപ്പർ ലോറി 20.03.2017-ൽ മാത്രമാണ് മൈലേജ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്. അതായത് ടി തീയതിയ്ക്കു മുൻപുള്ള കാലയളവ് യാതൊരു നിയന്ത്രണവുമില്ലാതെ ഇന്ധനച്ചെലവും യാതൊരു പരിശോധനയുമില്ലാതെ വാഹന ഉപയോഗവും നടന്നിരുന്നു. ഗ്രാമപഞ്ചായത്തിന്റെ 3 കി.മീറ്റർ ചുറ്റളവിൽ നിന്നും 7 കി.മീ. അകലെയുള്ള പാറത്തോട് മാലിന്യനിക്ഷേപ കേന്ദ്രത്തിലേയ്ക്ക് വാഹനം ഓടുന്നതിന് 100 കി.മീ. മുതൽ 130 കി.മീറ്റർ വരെ വാഹനം സഞ്ചരിക്കുന്നതായി കാണുന്നു. ലോഗ് ബുക്കാകട്ടെ അപൂർണ്ണവും പഞ്ചായത്ത് അധികൃതർ പരിശോധിക്കാത്ത നിലയിലുമാണ്. എൽപിജി ക്രിമറ്റോറിയത്തിലും പഞ്ചായത്തിലും ഉപയോഗിക്കുന്ന ജനറേറ്ററിന്റെ വിവരങ്ങളും കൃത്യമായി ഫ്യൂവൽ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. ജനറേറ്റർ പ്രവർത്തിക്കുന്ന പ്രതിദിന കാലയളവ് വിലയിരുത്താൻ നിലവിൽ രേഖകളില്ല. ഫ്യൂവൽ രജിസ്റ്ററും ലോഗ്ബുക്കും കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

സി. മറ്റ് രജിസ്റ്ററുകൾ

ആവർത്തനസ്വഭാവമുള്ള ചെലവുകളെ സംബന്ധിക്കുന്ന രജിസ്റ്ററുകൾ - ഉദാഹരണം :- ഫ്യുവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ സ്വയംവിവരണാത്മകമല്ല. ഗ്യാസ്ക്രിമറ്റോറിയത്തിലേയ്ക്ക് പ്രതിമാസം 7000/- രൂപയ്ക്കും 8000/- രൂപയ്ക്കുമിടയിൽ ചെലവ് വരുന്ന എൽ.പി.ജി.ഗ്യാസ് വാങ്ങുമ്പോൾ ആയതിന്റെ ഉപഭോഗം വ്യക്തമാക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഉദാഹരണത്തിന് തൊഴിൽനികുതി ഡി&ഒ ലൈസൻസ് എന്നിവയുടെ ഡിമാന്റും പിരിവും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് മറുപടി നൽകാൻ സാധിക്കാത്ത സ്ഥിതിയിലാണ് നിലവിൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

3) ഫയലിംഗ് സംവിധാനം തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തുകളുടെ ഫയൽ നീക്കങ്ങളെ സംബന്ധിച്ച് സർക്കാർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തപാലുകൾ നമ്പരിട്ട് സ്വീകരിച്ച് ഓഫീസ് ഉത്തരവ് പ്രകാരം ജോലി നിർവ്വഹിയ്ക്കേണ്ട സെക്ഷൻ ഫയൽ തയ്യാറാക്കി പരിശോധനാ ഉദ്യോഗസ്ഥർ മുഖേന സെക്രട്ടറിയ്ക്ക് സമർപ്പിച്ച് പേമെന്റ് ഓർഡർ വാങ്ങി ബില്ലുകൾ പ്രസിഡന്റ് അധികൃതമാക്കി ചെലവ് നിർവ്വഹിയ്ക്കേണ്ട സ്ഥാനത്ത് യാതൊരുവിധ പ്രാഥമിക പരിശോധനയോ ഉപരിപരിശോധനയോ ഇല്ലാതെ ചെലവുകൾ നടത്തുന്ന രീതി പഞ്ചായത്തിൽ നിലനിൽക്കുന്നു. സ്വയംവിവരണാത്മകമല്ലാത്ത വൗച്ചറുകൾ ചെലവിനെ ന്യായീകരിയ്ക്കുന്നില്ല. ഇത്തരം നിരവധി സാഹചര്യങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണത്തിന് പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ ജലസ്രോതസ്സുകൾ ശുദ്ധീകരിച്ചതിനുള്ള ചെലവുകൾ 1900/- രൂപ മുതൽ 5000/- രൂപ വരെ വിവിധ വൗച്ചറുകളിലായി ചെലവു ചെയ്തിട്ടുള്ള സാഹചര്യത്തിൽ സ്രോതസ്സുകൾ പഞ്ചായത്തിന്റെ ആസ്തിയാണെന്നതു സംബന്ധിച്ചോ പ്രവൃത്തി എപ്രകാരം നിർവ്വഹിക്കണമെന്നതു സംബന്ധിച്ചോ കീഴ്ത്തട്ടിൽ നിന്നും അഭിപ്രായം ഉണ്ടാകുന്നില്ല. ചെലവു നടക്കുന്നതിനു മുൻപ് പ്രവൃത്തി തൃപ്തികരമായി പൂർത്തിയായിട്ടുള്ളതിന്റെ വിവരവും ലഭ്യമല്ല. പഞ്ചായത്തിൽ പാർട്ട് ടൈം ഫുൾടൈം സ്വീപ്പേഴ്സ് ജോലി ചെയ്തു വരുമ്പോഴും സ്വീപ്പിംഗ് പ്രവൃത്തികൾക്കായി പ്രത്യേക തുക ചെലവിടുന്നതിനും വൗച്ചറുകളിൽ വിശദീകരണമില്ല.

(4) തനതു വരുമാനം വർദ്ധിപ്പിക്കുന്നതിൽ അലംഭാവം

നിലവിലുള്ള കുടിശ്ശിക പിരിച്ചെടുത്തും പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തിയും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിൽ പഞ്ചായത്ത് അധികൃതർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. വസ്തു നികുതി ഇനത്തിൽ 20 ലക്ഷം രൂപയോളം പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വാടക, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ എന്നിവയുടെ സ്ഥിതിയും വ്യത്യസ്തമല്ല. നഗരസഭയ്ക്കു സമാനമായ പട്ടണസ്വഭാവമുള്ള ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നും പരസ്യനികുതിയിനത്തിൽ ലഭിക്കുന്ന തുക തുലോം തുച്ഛമാണ്.

(5) തനതുഫണ്ട് ചെലവുകൾ നിരീക്ഷണവിധേയമാക്കുന്നില്ല

യാതൊരു നിയന്ത്രണവും പരിശോധനയുമില്ലാതെ തനതുഫണ്ട് ചെലവിടുന്ന രീതി സമീപഭാവിയിൽ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതിലുള്ള സാധ്യത ഏറെയാണ്. ഏതെങ്കിലും ഒരു ചെലവിന്റെ സാധ്യത ഉത്ഭവിക്കുന്നതിന്റെയോ അവ ആവശ്യാധിഷ്ഠിതമായി ചെലവിട്ടതിന്റെ വിവരമോ പരിശോധനയ്ക്കു ഹാജരാക്കിയ രേഖകളിൽ നിന്നും ലഭ്യമല്ല. ഉദാഹരണത്തിന് യാതൊരുവിധ ചട്ടങ്ങളും പാലിക്കാതെ സാമ്പത്തിക വർഷം ഉടനീളം ബിജു കര്യാക്കോസ്, കണ്ണന്താനം എന്ന വ്യക്തിയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ കേടുപാടുകൾ മാറ്റുന്നതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി എന്തെന്നോ ആയത് തൃപ്തികരമായി പൂർത്തിയാക്കിയെന്നോ ഉള്ള വിവരം രേഖകളിൽ നിന്നും ലഭ്യമല്ല. 8 ഉപ്പു ജോലിക്കാർ സ്ഥിരമായി

ദിവസവേതന അടിസ്ഥാനത്തിൽ ജോലി നിർവ്വഹിക്കുമ്പോൾ ഉപ്പുജോലിയ്ക്കും ക്ലീനിംഗിനുമായി പുറം ജോലിക്കാരെ നിയോഗിച്ച് തുക ചെലവിടുന്നതിന്റെയും ആവശ്യകത വ്യക്തമല്ല. തനത് ഫണ്ട് ചെലവുകൾ വിവിധ തട്ടിൽ പരിശോധിക്കപ്പെടുകയോ ബില്ലുകൾ പ്രസിഡന്റ് അധികൃതമാക്കുകയോ ചെയ്യുന്നില്ല.

(6) സുരക്ഷാവീഴ്ചകൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സാമ്പത്തിക തിരിമറികൾ മറികടക്കുന്നതിന്റെ ഭാഗമായി സാംഖ്യ സമ്പ്രദായത്തിൽ സുരക്ഷാവീഴ്ചകൾ ഒഴിവാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് 48544/എബി1/13/തസ്വഭവ തീയതി 22.4.2014 ആയി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലറിൽ 11 നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളുന്നത്. ഇതിൽ 8 മുതൽ 11 വരെയുള്ള പെർഫോമൻസ് മോണിട്ടറിംഗ് സംവിധാനം, ഫ്രണ്ട് ഓഫീസ് സംവിധാനം, ആധുനികവൽക്കരണം, ബാങ്കുകളുടെ മാതൃകയിൽ ഇടപാടുകൾ നടത്തുന്ന രീതി, ലോഗിൻ ചെയ്യാൻ പാസ്സ്‌വേഡുകൾ ഉപയോഗിക്കുന്നതിന് പകരം Retina Image, Thumb Impression തുടങ്ങിയ രീതികൾ അവലംബിക്കൽ എന്നീ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിക്കുന്നതായി കാണുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/8/17,11/8/17 | 07/17 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2012 | 2008-09- 2011-12 | എൽ.ബി.എ(എച്ച്.ക്യു) 11/8എ-1810/22 തീ 04/06/2012 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിന്റെ അവലോകനം

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീപ്റ്റ്സ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭബാക്കി 27658230.06/-രൂപയും തൻവർഷവരവ് 96453637/-രൂപയും തൻവർഷചെലവ് 83094193/-രൂപയും വർഷാവസാന നീക്കിബാക്കി 41017674.06/-രൂപയും ആകുന്നു. (ഇതിൽ 40784646.06/-രൂപ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരിപ്പും 233028/- രൂപ പണമായുള്ള നീക്കിയിരിപ്പും ആകുന്നു). തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ആകെ വരുമാനം 145081395/- രൂപയും ചെലവ് 129485449/-രൂപയും, മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങളായി (Prior Period Items) ഉൾപ്പെടുത്തിയ 2513420/-രൂപ ഉൾപ്പടെയുള്ള വരുമാനമിച്ചം 18109366/- രൂപയുമാണ്. ബാലൻസ് ഷീറ്റ് പ്രകാരം 31-3-17 പ്രകാരമുള്ള ആകെ ആസ്തിമൂല്യം 107775763.06/-രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 18745545.90/-രൂപയും അന്നേ ദിവസത്തെ ജനറൽഫണ്ട് പൊസിഷൻ 89030217.16/-രൂപയും ആകുന്നു. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യ റിസൽറ്റുകൾ പ്രതിഫലിപ്പിക്കുന്ന വാർഷിക ധനകാര്യപത്രികകൾ ഓഡിറ്റിൽ പരിശോധിച്ചതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് കമ്മറ്റിയുടെ 13-06-17 ലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും ധനകാര്യ വിശകലനം നടത്തുകയോ മുൻവർഷ കണക്കുകളുമായി താരതമ്യം ചെയ്യുകയോചെയ്തിട്ടില്ല.
2. പഞ്ചായത്തിലെ ആസ്തി/ബാധ്യതകളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രകിയ നാളിതുവരെ പൂർത്തിയായിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രിക പ്രതിഫലിപ്പിക്കുന്ന ജനറൽ ഫണ്ട് പൊസിഷൻ അന്തിമമല്ല.
3. വസ്തു നികുതി ഉൾപ്പെടെയുള്ള നികുതികളുടെ കൃത്യമായ ഡിമാന്റിന്റെ അഭാവത്തിൽ അക്രൂവൽ എൻട്രി നൽകുന്നതിന്റെ കൃത്യത വ്യക്തമല്ല. വസ്തുനികുതി സംബന്ധമായ സഞ്ചയ സോഫ്ററ്‌വെയറിലൂടെയുള്ള ക്രമീകരണങ്ങൾ മൂലം മുൻവർഷം കണക്കാക്കിയ ഡിമാന്റ് തുകയിൽ വലിയ ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നു.
4. ബി-4 ഷെഡ്യൂൾ പ്രകാരം ബാദ്ധ്യത കണക്കിൽ ഉൾപ്പെട്ട പല തുകകളും പ്രോജക്ടുകൾ ഇല്ലാത്തതും വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം തിരിച്ച് അടയ്ക്കേണ്ടവയും ആയിരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക | റിമാർക്സ് |
|---|---|---|
| വെസ്റ്റേൺ ഘട്ട് | 90493 | നിലവിൽ പ്രോജക്ട് ഇല്ലാത്തതും തുക പലിശയടക്കം തിരിച്ചടക്കണമെന്ന് നിർദ്ദേശം ഉള്ളതുമാണ്. |
| പൈക്ക | 140976 | കായിക വികസന പദ്ധതികൾക്ക് വേണ്ടി അനുവദിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. |
| കോർപ്പസ് ഫണ്ട് | 400000 | തുക വിനിയോഗിക്കുന്നതിന് പ്രോജക്ട് പോലും തയ്യാറാക്കിയിട്ടില്ല |
| ബ്ലോക്ക് വിഹിതം | 78572 | സംയുക്ത പ്രോജക്ടിന് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. |
| ഗുണഭോക്തൃ വിഹിതം | 264490 | വിവിധ പ്രോജക്ടുകൾക്ക് പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല. |

5. ബി-7 ഷെഡ്യൂൾ പ്രകാരം 5621556/-രൂപ വിവിധ ഇനങ്ങളിൽ നിക്ഷേപം ഉണ്ട്. ഇതിൽ ഓഡിറ്റ് വർഷത്തിൽ ഓപ്പണിംഗ് ബാലൻസ് ആയി കാണിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

6. ബി-9 ഷെഡ്യൂൾ പ്രകാരം സേവന നികുതി ഇനത്തിൽ 1625711/- രൂപ കേന്ദ്രഗവൺമെന്റിലേക്ക് അടക്കാനുള്ളത് നാളിതു വരെ അടവാക്കിയിട്ടില്ല.

7. ബി-12 ഷെഡ്യൂൾ പ്രകാരമുള്ള ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ യഥാസമയം പലിശ ക്രമീകരിച്ചുള്ള തുകയല്ല വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് കാണുന്നു. (ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റുകൾ പരിശോധനക്ക് ഹാജരാക്കി)

8. ബി-18 ഷെഡ്യൂളിൽ ചേർക്കേണ്ടിയിരുന്ന ഡെപ്പോസിറ്റ് വർക്കിന് നല്കിയിട്ടുള്ള തുകകൾ (ഭൂജലവകുപ്പിൽ) ചേർത്തിട്ടില്ല. ആയവ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുൻപ് ക്യാപ്പിറ്റൽ ചെലവായാണ് കാണിച്ചിട്ടുള്ളത്.

## 2-2 കെട്ടിട നികുതി നിർണ്ണയം-നിർണ്ണയിച്ച തുക കുറവ്

മുണ്ടക്കയം ഗ്രാമപഞ്ചായത്ത് വാർഡ് 21 ൽ 664 എ മുതൽ 664 ഡി വരെ നമ്പർ നല്കി നികുതിനിർണ്ണയിച്ചിട്ടുള്ള ശ്രീ ജിനോ സെബാസ്റ്റ്യൻ, ജിനി സെബാസ്റ്റ്യൻ, ജിജ്ജു സെബാസ്റ്റ്യൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ 664 എ നമ്പർ നൽകിയ ഭാഗത്തിന്റെ നികുതി നിർണ്ണയം പരിശോധിച്ചതിൽ ഇത് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതും 160 ച.മീ തറ വിസ്തൃതി ഉള്ളതുമാണെന്ന് കാണുന്നു. 160 ച.മീ വരുന്ന സെല്ലാർ ഭാഗത്തിന് 100 ച.മീറ്ററിൽ കുറവുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിശ്ചയിച്ച നികുതി | | നിശ്ചയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 160x40=6400 | 160x50=8000 |
| റോഡ് വർദ്ധനവ്20% | 1280(+) | 1600(+) |
| നികുതി | 7680 | 9600 |
| ലൈ.സെസ് | 384 | 480 |
| ആകെ | 8064/- | 10080/- |
| വ്യത്യാസം 2016/-രൂപ ( 10080 – 8064) | | |

നികുതി നിർണ്ണയത്തിലെ അപാകതമൂലം തുടർ വർഷങ്ങളിലും പഞ്ചായത്തിന് വരുമാന നഷ്ടം വരാൻ കാരണമാകും. നികുതി പുനർനിർണ്ണയിച്ച് കുടിശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി - റോഡ് വീതി നിർണ്ണയിച്ചത് ക്രമപ്രകാരമല്ല

വസ്തു നികുതി നിർണ്ണയത്തിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളിൽ നിന്നും പ്രവേശനം ഉള്ള വീടുകൾക്ക് നികുതി നിർണ്ണയിക്കുമ്പോൾ 20% വർദ്ധനവ് അംഗീകരിച്ചിട്ടുള്ളതാണ്. ഈ ആവശ്യത്തിനായി പഞ്ചായത്ത് പരിധിയിലുള്ള റോഡുകളുടെ വീതി നിർണ്ണയിച്ച് പ്രസിദ്ധം ചെയ്യണമെന്ന സർക്കാർ നിർദ്ദേശപ്രകാരമുള്ള വിജ്ഞാപനം പരിശോധിച്ചതിൽ 8 മീറ്റർ വരെ വീതിയുള്ളതും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതുമായ പല റോഡുകളും 5 മീറ്ററിൽ താഴെയാണ് വീതി കാണിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

35-ാം മൈൽ-വണ്ടൻപതാൽ റോഡ്

മുണ്ടക്കയം – മൈക്കോളജി-വണ്ടൻപതാൽ റോഡ്

പൈങ്ങന-വെള്ളനാടി റോഡ്

വണ്ടൻപതാൽ ജംഗ്ഷൻ-അസംബനി റോഡ്

റോഡുകളുടെ യഥാർത്ഥ വീതി നിർണ്ണയിച്ച് വിജ്ഞാപനം ചെയ്യാതെ പഞ്ചായത്തിന് ധനനഷ്ടം ഉണ്ടാകും വിധം റോഡുകളുടെ വീതി നിർണ്ണയിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കണമന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അപാകത പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. സർക്കാർ അനുമതിയോടെ റോഡുകളുടെ വീതി പുന:പരിശോധന നടത്തേണ്ടതും ആയതനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് വരുമാനനഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 2-4 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല.

2016-17 ലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല.

| ക്രമ നം | സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | സെൻട്രൽ എക്സൈസ് | രണ്ട് |
| 2 | കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോഴ്സ് | ഒന്നും, രണ്ടും |
| 3 | മുത്തൂറ്റ് മിനിനിധി | രണ്ട് |

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല.

2016-17 ലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന സ്ഥാപനതൊഴിൽ നികുതി താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി.മുണ്ടക്കയം | ഒന്നും,രണ്ടും |
| 2 | മുണ്ടക്കയം കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നും,രണ്ടും |
| 3 | കോട്ടയം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | രണ്ട് |
| 4 | എസ്.ബി.റ്റി. പുഞ്ചവയൽ | രണ്ട് |
| 5 | സർവീസ് സഹകരണ ബാങ്ക് ഇഞ്ചിയാനി | ഒന്നും,രണ്ടും |
| 6 | ജിയോജിത്ത് ബി.എൻ.പി. (ഫിനാൻഷ്യൽ സർവീസ്) | ഒന്നും,രണ്ടും |

| | | |
|---|---|---|
| 7 | ഹെഡ്ജ് ഇക്വിറ്റീസ് | ഒന്നം,രണ്ടും |
| 8 | ഗ്ലെൻറോക്ക് , പൈങ്ങന | ഒന്ന് |
| 9 | മുളമൂട്ടിൽ ഫിനാൻസിയേഴ്സ് | ഒന്നം,രണ്ടും |
| 10 | മുത്തൂറ്റ് മെർക്കന്റയിൽ | ഒന്നം,രണ്ടും |
| 11 | ഐ.സി.ഐ.സി.ഐ ബാങ്ക് ,പൈങ്ങന | ഒന്നം,രണ്ടും |
| 12 | പുഞ്ചവയൽ ഗ്രാമീണ വനിതാ കോപ്പറേറ്റീവ് സൊസൈറ്റി | ഒന്നം,രണ്ടും |
| 13 | YWCA ഇംഗ്ലീഷ് മീഡിയം സ്കൂൾ | ഒന്ന് |

കുടിശ്ശിക നികുതി മേൽ സ്ഥാപനങ്ങളിൽ നിന്നും അടിയന്തിരമായി ഈടാക്കേണ്ടതാണ്.

<u>സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.</u>

ഗ്രാമപഞ്ചായത്ത് പരിധിയിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വിദ്യാഭ്യാസ സ്ഥാപനം |
|---|---|
| 1 | സെന്റ് ജോസഫ് സെൻട്രൽ സ്കൂൾ , മുണ്ടക്കയം |
| 2 | എം.ഇ.എസ് സ്കൂൾ |
| 3 | എസ്.എൻ പബ്ലിക്ക് സ്കൂൾ |
| 4 | സാന്തോം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രൊഫഷണൽ സ്റ്റഡീസ് |
| 5 | സാന്തോം ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട്. |
| 6 | ഡോറ മൈക്രോ ഫിനാൻസ് |
| 7 | പുലിക്കുന്ന് ഗ്രാമീണ വനിതാ കോപ്പറേറ്റീവ് സൊസൈറ്റി |
| 8 | ജോസ്കോ ഫിനാൻസിയേഴ്സ് |

മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-6 <u>ഡി & ഒ ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.</u>

നിരവധി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ, വ്യാപാര സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരം രേഖപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം നിർണ്ണയിക്കാനോ, അത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാനോ കഴിയുന്നില്ല. ഡി & ഒ രജിസ്റ്റർ പ്രകാരം 2015-16 വർഷം ലൈസൻസ് എടുത്ത വ്യാപാരികളിൽ 30 പേർ 2016-17 വർഷം ലൈസൻസ് പുതുക്കിയില്ല. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് അടിയന്തിരമായി തയ്യാറാക്കി, ലൈസൻസ് എടുക്കാത്ത/പുതുക്കാത്ത സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതും ഡി & ഒ ലൈസൻസ് ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-7 <u>വാടക കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കണം</u>

2016-17 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വാടകക്കാരിൽ നിന്നും തൻവർഷം വാടക ഈടാക്കിയതായി കാണുന്നില്ല. എന്നാൽ തുടർന്നുള്ള വർഷവും ഇവർക്കു തന്നെയാണ് വാടക പുതുക്കി നൽകിയിരിക്കുന്നത്. പിഴപ്പലിശ സഹിതം വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കി മാത്രം വാടകക്കരാർ പുതുക്കി

നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| റൂം നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | വാടക ഈടാക്കാത്ത മാസങ്ങൾ | ഈടാക്കേണ്ട വാടക (1% പിഴപലിശ സഹിതം) |
|---|---|---|---|---|
| പഞ്ചായത്ത് മിനി സ്റ്റാൾ | | | | |
| IV | ശ്രീ.കെ.വി.കൊച്ചുകുഞ്ഞ്, മാത്താങ്കേരി | 132 | 2016-17 വർഷം വാടക അടവാക്കിയിട്ടില്ല. | 132 x 12 + PI 103 = 1687 |
| 30 | ബി.എസ്.എൻ.എൽ. ടവർ പുഞ്ചവയൽ | 720 | 2016-17 വർഷം വാടക അടവാക്കിയിട്ടില്ല. | 720 x 12 + PI 562 = 9202 |

## 2-8 വാടക – സേവന നികുതി പിരിച്ചെടുത്തത് സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്

കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശപ്രകാരം മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം മുതൽ വാടകക്കാരിൽ നിന്നും സേവനനികുതി ഈടാക്കുന്നുണ്ട്. വാടകയുടെ 12.5% നിരക്കിൽ 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിലെ നികുതി കുടിശ്ശികയും 2016-17 കാലയളവിൽ 14.5% നിരക്കിലും പിരിച്ചെടുത്ത 1622412/- രൂപ സർക്കാരിൽ അടവാക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നു. ജി.എസ്.ടി.രജിസ്ട്രേഷൻ ലഭ്യമാകുന്ന മുറയ്ക്ക് സേവന നികുതി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 2-9 പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമല്ല.

ഗ്രാമപഞ്ചായത്ത് പ്രതിവർഷം ഗണ്യമായ തുക ലൈബ്രറി പുസ്തകങ്ങളുടെ വിലയായും ലൈബ്രേറിയനു വേതനമായും ചെലവിട്ടുവരുന്നു. എങ്കിലും ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമല്ല. ലൈബ്രറിയിൽ വാങ്ങിവരുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങളും പത്രമാസികകളും സുരക്ഷിതമായി സൂക്ഷിച്ചുവരുന്നില്ല. ലൈബ്രറിയിൽ നിന്നും വിതരണം ചെയ്യുന്ന പുസ്തകങ്ങൾ വിതരണം ചെയ്ത് 30 ദിവസത്തിനുള്ളിൽ തിരികെ ലഭിക്കേണ്ടതുണ്ടായിട്ടും ആയവ യഥാസമയം തിരികെ ലഭിക്കുന്നില്ല. ഇത്തരത്തിൽ 3000/- രൂപയ്ക്കുമേൽ മൂല്യമുള്ള 21 ബുക്കുകൾ തിരികെ ലഭിക്കാനുള്ളതായി ലൈബ്രേറിയൻ അറിയിച്ചിട്ടുണ്ട്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 2-10 പാഴ് കടലാസ് വിൽപ്പന -പഞ്ചായത്ത് ഫണ്ടിനു നഷ്ടം

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് കിലോയ്ക്ക് 10/- രൂപ നിരക്കിൽ 190 കിലോഗ്രാം പാഴ് കടലാസ് വിൽപന നടത്തിയിട്ടുള്ളതായി കാണുന്നു. ഗ്രാമപഞ്ചായത്ത് ലൈബ്രറിയിലെ പത്രക്കടലാസും, ആഴ്ച പതിപ്പുകളും , ദ്വൈവാരികകളും, മാസികകളുമാണ് പാഴ് കടലാസായി വിൽപ്പന നടത്തിയിട്ടുള്ളത്. എന്നാൽ ഓഡിറ്റ് നടത്തിയ വിശകലനത്തിൽ യഥാർത്ഥത്തിൽ ഉണ്ടാകേണ്ടതിനേക്കാൾ വളരെ കുറഞ്ഞ തൂക്കമാണ് വിൽപ്പന നടത്തിയിട്ടുള്ളത് എന്ന് കാണുന്നു. ഓരോ ഇനത്തിൽ നിന്നും തെരഞ്ഞെടുത്ത പ്രസിദ്ധീകരണങ്ങൾ ലൈബ്രേറിയന്റെ സാന്നിദ്ധ്യത്തിൽ പഞ്ചായത്തിനു സമീപമുള്ള വ്യാപാരസ്ഥാപനത്തിന്റെ അളവു യന്ത്രത്തിൽ ഭാരം കണക്കാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | തൂക്കം |
|---|---|---|
| പത്രങ്ങൾ | 12 | 12x100x364=437കി. ഗ്രാം |
| ആഴ്ചപ്പതിപ്പ് | 14 | 14x120gx50ആഴ്ചകൾ=84 കി.ഗ്രാം. |
| ദ്വൈവാരിക | 2 | 2x180gmx24 =9കി.ഗ്രാം |
| മാസിക | 4 | 4x2 kgx12 =13kg |
| | ആകെ | 543 kg |

| |
|---|
| ഭാരക്കത്തിൽ കുറവ് – 543 -190 = 353 കി.ഗ്രാം |

പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പിന്റെ 28.10.16 -ാം തീയതിയിലെ 5010/01/16/സ്റ്റേഷനറി/70-ാം നമ്പർ സർക്കുലർ പ്രകാരം പാഴ് കടലാസ് കിലോയ്ക്ക് 21.70 രൂപ + വാറ്റ് 3.25 രൂപ എന്ന നിരക്കിൽ വിൽപന നടത്താനാണ് അനുമതി നൽകിയിട്ടുള്ളത്. തദ്ദേശസ്ഥാപനത്തിൽ ടി ഉത്തരവ് നിർബന്ധമാക്കാൻ വ്യവസ്ഥയില്ലെങ്കിൽ പോലും ആയതിനേക്കാൾ തികച്ചും കുറഞ്ഞ നിരക്കിലാണ് പാഴ് കടലാസ് വിൽപന നടത്തിയിട്ടുള്ളത്. പാഴ് കടലാസ് വിൽപനയിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിരുന്നുവെങ്കിൽ (353x25) 8808 രൂപയുടെ വരുമാന നഷ്ടം സംഭവിക്കുകയില്ലായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇപ്രകാരം പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം പാഴാകാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റവന്യൂ വകുപ്പിന് വിട്ടു നൽകിയ പഞ്ചായത്ത് വാഹനത്തിന് വാടക ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല—പഞ്ചായത്ത് ചെലവിട്ട വാഹന വാടക തടസ്സപ്പെടുത്തുന്നു

അടിയന്തിര സാഹചര്യങ്ങളിൽ വിവിധ വകുപ്പുകളുടേയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും വാഹനങ്ങൾ റവന്യൂ വകുപ്പിന്റെ ഉപയോഗത്തിന് കൈമാറുന്നതിന് ജി.ഒ.(എം.എസ്.)82/2008 ആർ.ഡി. തീ. 07.04.2008 ആയി സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പ്, റവന്യൂ റിക്കവറി എന്നിവ ഒഴികെയുള്ള ഉപയോഗങ്ങൾക്ക് റവന്യൂ വകുപ്പ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാഹനം എടുക്കുമ്പോൾ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ വാടക ലഭിക്കേണ്ടിയിരുന്നു. എന്നാൽ 17.03.17 മുതൽ 18.05.17 വരെയുള്ള കാലയളവിൽ കളക്ടറുടെ ഉത്തരവ് പ്രകാരം പഞ്ചായത്തിന്റെ KL.34.5349 നമ്പരിലുള്ള ബൊലേറൊ ജീപ്പ് ജില്ലാ കളക്ടർക്ക് കൈമാറിയെങ്കിലും നാളിതുവരെ വാടക ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ അധികൃതർ നടപടി സ്വീകരിച്ചിട്ടില്ല. മാത്രമല്ല ഈ കാലയളവിൽ വാഹന വാടകയിനത്തിൽ 53200/- രൂപ പഞ്ചായത്ത് ചെലവിട്ടിട്ടുണ്ട്. (വൗച്ചർ നം. 21600129 തീയതി 1.6.16 ചെക്ക് നം.333447 തീയതി 01.6.16) ഈ സാഹചര്യത്തിൽ പഞ്ചായത്ത് ചെലവിട്ട 53200/- രൂപയുടെ വാഹന വാടക ചെലവ് തടസ്സം ചെയ്യുന്നു.

### 3-2 ടെണ്ടർ നടപടി സുതാര്യമല്ല

1) പ്രോജക്ട് നം.287/17
അടങ്കൽ – 5,00,000/- ((TSP)
ചെലവ് – 3,88,000/-
2) പ്രോജക്ട് നം. 222/17
അടങ്കൽ – 12,00,000/- (SCP)
ചെലവ് – 10,69,200/-

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി /പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം എന്ന പദ്ധതിക്ക്, ലാപ്ടോപ്പ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഇൻസൈറ്റ് എന്ന സ്ഥാപനം ലാപ്ടോപ്പ് ഒന്നിന് 24990/- രൂപയും കടവിൽ എന്ന സ്ഥാപനം 24690/- രൂപയും ടെണ്ടർ രേഖപ്പെടുത്തുകയും ചെയ്തു. ഇതിൽ കൂടിയ തുക രേഖപ്പെടുത്തിയ ഇൻസൈറ്റ് എന്ന സ്ഥാപനവുമായി നെഗോസ്യേഷൻ നടത്തി 24300/- രൂപയ്ക്ക് പർച്ചേസ് ഓർഡർ നല്കുകയാണ് ചെയ്തിട്ടുള്ളത്. പ്രോക്യൂയർമെന്റ് മാന്വൽ പ്രകാരം ടെണ്ടർ നടപടികളിൽ നെഗോസ്യേഷൻ അനുവദനീയമല്ല. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങൽ നടത്തുമ്പോൾ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയവരുമായി നെഗോസ്യേഷൻ നടത്തി തുക കുറയ്ക്കുന്നത് അനുവദനീയമാണ്. ഈ സാഹചര്യത്തിൽ ടെണ്ടർ നടപടികളിൽ കൂടിയ തുക രേഖപ്പെടുത്തിയവരുമായി നെഗോസ്യേഷൻ നടത്തിയത് ക്രമപ്രകാരമല്ല. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ടെണ്ടർ സമയപരിധിയിൽ പർച്ചേസ് ഓർഡർ നല്കാൻ കഴിഞ്ഞില്ലെന്നും ആ സമയത്ത് കുറഞ്ഞ നിരക്കിന് ലാപ്ടോപ്പ് നല്കാൻ തയ്യാറായവർക്ക് പർച്ചേസ് ഓർഡർ നല്കുകയായിരുന്നു എന്നും മറുപടി നല്കിയിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ റീടെണ്ടർ നടത്തുന്നതിന് പകരം ടെണ്ടർ നടപടിക്രമം മറികടന്ന് വാങ്ങൽ നടത്തിയത് ഭരണസമിതി പരിശോധിക്കേണ്ടതാണ്. വാങ്ങിയ ലാപ്ടോപ്പുകളിൽ ഗുണഭോക്താവിന്റെ അഭാവത്തിൽ ബാലൻസ് വന്ന 2 ലാപ്ടോപ്പുകൾ തുടർ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി അർഹരായവർക്ക് നൽകി എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-3 ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റിലുൾപ്പെടാത്തവർക്ക് സ്കോളർഷിപ്പ് നൽകിയത്

പ്രോജക്റ്റ് നം. എസ്.ഒ.148/17

നിർവ്വഹണോദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

വികസന ഫണ്ട് – 8,00,000/-

ബ്ലോക്ക് വിഹിതം -4,00,000/-

ജില്ലാ പഞ്ചായത്ത് വിഹിതം -4,00,000/-

ആകെ -16,00,000/-

ബിൽ നം.5/16-17 -800,000 തീ 29.3.17

ട്രഷറി ചെക്ക് നം. 8838802 തീ 27.3.17, തുക -2,20,600/-

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടാത്ത കുട്ടികൾക്കും ശാരീരിക മാനസിക വൈകല്യമുള്ളവർക്കുള്ള സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, വീട്ടുപേര് | കൈപ്പറ്റിയ തുക |
|---|---|
| മുനീർ വി.എച്ച്., വേളൂർ, വണ്ടൻപതാൽ | 14600 |
| അബി ചാർളി, ചെമ്പോലയിൽ, വരിക്കാനി | 7800 |
| മിഥുൻ മനോജ്, പഴയ വീട്ടിൽ, ഇഞ്ചയാനി | 14600 |
| ബിബിൻ.സി.വിനോദ്, ചേന്നാട്, പുഞ്ചവയൽ | 7800 |
| ജിജോ.പി.കെ, പ്ലാപ്പറമ്പിൽ, വണ്ടൻപതാൽ | 14600 |
| അനു പി.ഡി, പീടികയിൽ, വണ്ടൻപതാൽ | 14600 |
| സുഭാഷ്.കെ.എസ്, കല്ലംപറമ്പിൽ, വണ്ടൻപതാൽ | 14600 |
| ആകെ | 88600 |

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റിലുൾപ്പെടാത്തയാളുകൾക്ക് സ്കോളർഷിപ്പ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടിയായി, 6.3.2017ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 26-ാം നമ്പർ തീരുമാന പ്രകാരം സ്കോളർഷിപ്പ് നൽകുന്നതിന് നിർവ്വഹണോദ്യോഗസ്ഥയെ ചുമതലപ്പെടുത്തുകയും, അടുത്ത ഗ്രാമസഭയിൽത്തന്നെ മേൽ പരാമർശിച്ച ഗുണഭോക്താക്കൾക്ക് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. വ്യക്തിഗത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യങ്ങൾ നൽകുന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്. മേൽപ്പറഞ്ഞ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 വാഹന പരിപാലനം--സർക്കാർ ഉത്തരവിന്റെ ലംഘനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗവും അതിന്റെ പരിപാലനവും സംബന്ധിച്ച് ജി.ഒ(എം.എസ്.)നം.17/07 ത.സ്വ.ഭ.വ.തീ.30.06.07 ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിക്കുന്നില്ല. സ്ഥാപനത്തിന്റെ ഏതെങ്കിലും വാഹനത്തിന് അറ്റകുറ്റപ്പണി ആവശ്യമാണെന്ന് ഡ്രൈവർ കരുതുന്ന പക്ഷം അത് സംബന്ധിച്ച റിപ്പോർട്ട് കസ്റ്റോഡിയൻ ഓഫീസർക്ക് (സെക്രട്ടറി) നേരിട്ടോ ബന്ധപ്പെട്ട എഞ്ചിനീയർ മുഖാന്തിരമോ ലഭ്യമാക്കണം. അപ്രകാരം ലഭ്യമാക്കുന്ന കുറിപ്പിന്മേൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഗ്രാമപഞ്ചായത്തിന്റെ വാഹനങ്ങളുടെ

കസ്റ്റോഡിയൻ സെക്രട്ടറിയായിരിക്കെ ഡ്രൈവർ നൽകുന്ന റിപ്പോർട്ടിന്മേൽ സെക്രട്ടറിയോ കീഴുദ്യോഗസ്ഥരോ പരിശോധന നടത്തുന്നില്ല. 2000/- മുതൽ 10000/- രൂപ വരെയുള്ള അറ്റകുറ്റപ്പണികൾ ക്വട്ടേഷൻ അടിസ്ഥാനത്തിലല്ലാതെ അംഗീകൃത വർക്ക് ഷോപ്പുകൾ മുഖേന നിർവ്വഹിക്കാൻ സർക്കാൻ ഉത്തരവ് വ്യവസ്ഥ ചെയ്യുന്നു. 10000/- രൂപയുടെ മേലുള്ളതിന്റെ കാര്യത്തിൽ മത്സരസ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിയ്ക്കണം. എന്നാൽ ഗ്രാമപഞ്ചായത്ത് മേൽനിർദ്ദേശങ്ങൾ പാലിക്കാതെയാണ് വാഹന അറ്റകുറ്റപ്പണി നിർവ്വഹിച്ചു വരുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. 25.04.2016 ലെ 2160072-ാം നമ്പർ വൗച്ചർ മുഖാന്തിരം 9908/- രൂപ കെ.എൽ.34-9135-ാം നമ്പർ പഞ്ചായത്ത് വക വാഹനത്തിന്റെ അറ്റകുറ്റപ്പണിക്കായി ബ്രദേഴ്സ് ഓട്ടോമൊബൈൽസ് ഉടമ ശ്രീ.രഘുവിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വർക്ക്ഷോപ്പിന് സർക്കാർ അംഗീകാരമുള്ളതിന്റെ രേഖകൾ ലഭ്യമല്ല. അതുപോലെ തന്നെ 08.06.16-ൽ പ്രസ്തുത വാഹനത്തിന് 38066/- രൂപയുടെ വിവിധ അറ്റകുറ്റപ്പണികൾ നിർവ്വഹിച്ചിട്ടുണ്ട്. 10,000/- രൂപയ്ക്കു മുകളിലുള്ള റിപ്പയറിംഗിന്റെ വ്യവസ്ഥകൾ പാലിക്കാതെ 4 വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾ നടത്തി. 4 വൗച്ചറുകളിലൂടെ ചെലവും നടത്തി. ഇതിലൂടെ സർക്കാർ ഉത്തരവിനെ സമർത്ഥമായി മറികടന്നു. വാഹനത്തിന്റെ തനത് ധനഉപയോഗത്തിന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. വിവിധ വാഹനങ്ങൾക്ക് പ്രതിമാസം 40,000/- നും 50,000/-നും ഇടയിലുള്ള തുക ഇന്ധനം നിറയ്ക്കുന്നതിനായി ചെലവിടുന്നു. എന്നാൽ ആയത് ശരിയായ രീതിയിൽ ഫ്യൂവൽ രജിസ്റ്ററിൽ ചേർക്കുന്നില്ല. 02.12.16 മുതലുള്ള ഫ്യൂവൽ രജിസ്റ്റർ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയത്. ആയത് പരിശോധിച്ചതിൽ ഇന്ധന ഉപഭോഗത്തിന്റെ ക്രമം വെളിവാക്കപ്പെടുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം വാഹനത്തിൽ ടാങ്ക് നിറച്ച് ഇന്ധനം നിറയ്ക്കുന്നില്ല എന്നു മാത്രമല്ല, കൃത്യമായി മൈലേജ് പരിശോധന നടത്തുന്നുമില്ല. ചുരുക്കത്തിൽ ശരിയായ വിശകലനവും കീഴ്ത്തട്ടിൽ നിന്നോ മേൽത്തട്ടിൽ നിന്നോ ഉള്ള ഉദ്യോഗസ്ഥ പരിശോധനയോ ഇല്ലാതെ അറ്റകുറ്റപ്പണിയ്ക്കും ഇന്ധനത്തിനും തുക ചെലവിടുന്ന സ്ഥിതി പഞ്ചായത്തിന്റെ തനതു ഫണ്ടിന്റെ ശോഷണത്തിൽ കലാശിക്കുന്നു. വിഷയം പഞ്ചായത്ത് ഭരണസമിതി പരിശോധിക്കുകയും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-5 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2016-17 സാമ്പത്തികവർഷം വിവിധ പ്രോജക്ടുകളിലുൾപ്പെടുത്തി ഭവനനിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയിട്ടുള്ള താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | വകയിരുത്തിയ തുക/ ചെലവ് | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|
| 174/17<br>ഭവനനിർമ്മാണം | തനത് ഫണ്ട് - 4,00,000<br>ചെലവ് - 3,20,000 | പൊന്നമ്മ കുട്ടപ്പൻ,<br>കൊല്ലംപറമ്പിൽ, വരിക്കാനി | 1,40,000 |
| 213/17<br>ഭവനനിർമ്മാണം (ജനറൽ) വികലാംഗർ | വികസനഫണ്ട്-6,00,000<br>ചെലവ് - 4,20,000 | 1) ജോസ് പി.പി., പുളിമൂട്ടിൽ, വേലനിലം<br>2) രവീന്ദ്രൻ, മാണികല, കരിനിലം പി.ഒ. | 1,40,000<br>1,40,000 |
| 179/17<br>വയോജനങ്ങൾക്ക് വീട് നിർമ്മാണം | വികസനഫണ്ട്-8,00,000<br>ചെലവ് - 5,60,000 | 1) മേരി ജോസഫ്, മരുതോലിൽ, മുണ്ടക്കയം<br>2) മറിയം, കറ്റുവേലിപ്പറമ്പിൽ, കണ്ണിമല<br>3) മൈമൂൺ കാസിം, കല്ലുപുരയ്ക്കൽ, വേലനിലം | 1,40,000<br>1,40,000<br>1,40,000 |

മേൽപരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാൻ ആവശ്യമായ നടപടികൾ അധികൃതർ സ്വീകരിയ്ക്കേണ്ടതാണ്.

## 3-6 ടാർ ബാരലിന്റെ വില ഈടാക്കാൻ നടപടികൾ സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ നിരവധി റോഡ് നിർമ്മാണ പ്രവൃത്തികളുടെ തുകകൾ കരാറുകാരന് /കൺവീനർക്ക് നൽകിയപ്പോൾ കാലി ബാരലിന്റെ വില ഈടാക്കുകയോ ബില്ലിൽ നിന്നും കുറവ് വരുത്തുകയോ ചെയ്തിട്ടില്ല. പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് എല്ലാ എസ്റ്റിമേറ്റിലും ഉൾപ്പെടുത്തിയിരിക്കുന്നത്. വേലകളുമായി ബന്ധപ്പെട്ട അളവ് പുസ്തകത്തിൽ ഉപയോഗിച്ച ടാറിന്റെ അളവ് രേഖപ്പെടുത്തി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിവിധ വേലകൾക്ക് കൺവീനർമാർ വാങ്ങിയ ടാറിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/തീയതി | ടാറിന്റെ അളവ് | സ്ഥാപനം |
|---|---|---|
| 0593/2-2-17 | 2.545 ടൺ | ഹിൻകോൾ |
| 6300079056/31-1-17 | 9 | ഭാരത് പെട്രോളിയം കോർപ്പറേഷൻ |
| 6300078261/31-1-17 | 53 | ഭാരത് പെട്രോളിയം കോർപ്പറേഷൻ |
| 6300078719/31-1-17 | 10 | ഭാരത് പെട്രോളിയം കോർപ്പറേഷൻ |

പ്രസ്തുത വർഷം ഗ്രാമപഞ്ചായത്തിൽ നടത്തിയ ടാറിംഗ് പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ തീയതി | തുക |
|---|---|---|---|
| 185/17 | കണ്ണിമല മഠം പടി റോഡ് | 44/16-17,29-3-17<br>43/16-17,29-3-17 | 182278/-<br>100000/- |
| 173/17 | പമ്പ് ഹൗസ് റോഡ് | 69/16-17,29-3-17 | 55274/- |
| 182/17 | കൽക്കുഴി -പാമ്പയ്ക്കൽ റോഡ് | 51/16-17,29-3-17 | 244275/- |

| | | | |
|---|---|---|---|
| 145/17 | ഇഞ്ചിയാനി-ചെറുമല റോഡ് | 73/16-17,29-3-17 | 438693/- |
| 178/17 | എസ്.എൻ സ്കൂൾ- വടശ്ശേരി ഭാഗം റോഡ് | 7/16-17,29-3-17 | 235517/- |
| 181/17 | കാരിക്കൽ-അമരാവതി റോഡ് | 45/16-17, 29-3-17 | 146448 |
| 183/17 | പൗവ്വത്തുപടി-കിളരുപ്ലാക്കൽ റോഡ് | 66/16-17, 29-3-17, | 289661/- |
| 247/17 | അസമ്പനി-ഇഞ്ചക്കുഴി റോഡ് | 48/16-17, 29-3-17 | 341559/- |
| 91/17 | മാർത്തോമാപ്പള്ളി -കോൺവെന്റ് റോഡ് | 11/16-17, 17-3-17 | 100000/- |
| 104/17 | പ്ലാക്കപ്പടി-പഞ്ചുകളം റോഡ് | 10/16-17, 17-3-17 | 190325/- |
| 142/17 | മുണ്ടൻകുന്ന്-പാലക്കൽപടി റോഡ് | 41/16-17, 29-3-17 | 146135/- |
| 48/17 | കീച്ചൻപാറ റോഡ് | തനത് ഫണ്ട് തുകയുടെ ചെക്ക് നമ്പർ വിവരങ്ങൾ ലഭ്യമല്ല. | |
| 175/17 | ഗ്യാലക്സി-ചാച്ചിക്കവല റോഡ് | 56/16-17,29-3-17 | 239531/- |
| 318/17 | എസ്.എൻ സ്കൂൾ-പുതുപ്പറമ്പിൽ റോഡ് | 70/16-17,29-3-17 | 97379/- |

മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾക്കുപയോഗിച്ച ടാറിന്റെ അളവുകൾക്കനുസരിച്ച് കാലിബാരലിന്റെ വില ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-7 ആയുർവ്വേദമരുന്ന് വാങ്ങൽ 2984/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല

പ്രോജക്ട് നം.201/16-17

അടങ്കൽ – 3,50,000/-

ചെലവ് – 3,50,000/-

നിർവ്വഹണം – ആയുർവേദ മെഡിക്കൽ ഓഫീസർ

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഉപയോഗിച്ച് ആയുർവ്വേദ മരുന്ന് വാങ്ങുന്നതിന് 3,50,000/- രൂപ ഔഷധിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കുകയും ആയതിൽ 3,47,016/- രൂപയ്ക്കുള്ള മരുന്ന് ലഭിച്ചത് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് തീയതി വരെ 2,984/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 2,984/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങൽ - ചട്ടങ്ങൾ പാലിച്ചിട്ടില്ല

2016-17 വർഷം താഴെ പ്രതിപാദിക്കും പ്രകാരം, വിവിധ വൗച്ചറുകളിന്മേൽ പഞ്ചായത്ത് ആഫീസിലേയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം. | തുക | തുക കൈമാറിയ വ്യക്തി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 21600199/16.06.16 | 334028/16.06.16 | 3215 | ബിജു കുര്യാക്കോസ്, കണ്ണന്താനം |
| 2. | 21600361/10.08.16 | 334484/10.08.16 | 8675 | „ |
| 3 | 21600433/01.09.16 | 335012/01.09.16 | 6930 | „ |
| 4. | 21600488/27.09.16 | 334652/27.09.16 | 8315 | „ |
| 5. | 21600579/17.10.16 | 33477/17.10.16 | 11080 | „ |
| 6. | 21600580/17.10.16 | 33477/17.10.16 | 8240 | „ |
| 7. | 21600676/17.11.16 | 335307/17.11.16 | 8350 | „ |
| 8. | 21600686/30.11.16 | 335313/30.11.11 | 4750 | „ |
| 9. | 21600693/30.11.16 | 335318/30.11.16 | 4127 | „ |
| 10. | 21600853/19.01.17 | 335753/19.01.17 | 3439 | „ |
| 11. | 21600901/8.02.17 | 336013/08.02.17 | 4324 | „ |
| 12. | 2160100/04.03.2017 | 336341/04.03.17 | 5600 | „ |
| 13. | 21601012/07.03.17 | 336346/07.03.17 | 17849 | „ |
| | ആകെ | | 94894 | |

കമ്പ്യൂട്ടർ വാങ്ങലും റിപ്പയറിങ്ങും സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-1-2016 ലെ എ.ബി-2/703/2015 സർക്കുലറിലെയും 8-3-2016 ലെ ജി.ഒ(ആർ.റ്റി) 1278/16 നമ്പർ ഉത്തരവിലെയും നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. കമ്പ്യൂട്ടർ, സെർവർ, മറ്റ് അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിരിക്കണം എന്ന നിർദ്ദേശം, ഓൺലൈൻ സ്റ്റോക്ക് എൻട്രി, ഉപകരണങ്ങളുടെ നിയന്ത്രണം ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണം, വാങ്ങൽ പ്രക്രിയ കേരളാ ഫിനാൻഷ്യൽ കോഡ് പ്രൊക്യൂർമെന്റ് മാനവൽ എന്നിവയിലെ ചട്ടങ്ങൾ അനുസരിച്ചായിരിക്കണം എന്നീ നിർദ്ദേശങ്ങൾ ഉൾപ്പെടെ സർക്കുലറിലെ 14 നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല. കൂടാതെ ഐ.കെ.എം.ന്റെ മാനവശേഷിയും സാങ്കേതികതയും ഉപയോഗപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് അധിഷ്ഠിത ഉപകരണങ്ങളുടെ പർച്ചേസ്, ഇൻസ്റ്റലേഷൻ, റിപ്പയറിംഗ്, ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് എന്നിവ നിർവ്വഹിക്കണമെന്ന് മേൽ സർക്കാർ ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രതിപാദിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാം അവഗണിച്ച് ബിജു കുര്യാക്കോസ്, കണ്ണന്താനം എന്നയാൾ മുഖാന്തിരം വാങ്ങൽ, റിപ്പയറിംഗ് പ്രവൃത്തികൾ നടത്തിയത് തികച്ചും ക്രമവിരുദ്ധമാണ്. ഈ സാഹചര്യത്തിൽ കമ്പ്യൂട്ടർ വാങ്ങൽ, റിപ്പയറിംഗ് നടപടിക്രമത്തെപ്പറ്റി ഭരണസമിതി അന്വേഷിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## **3-9** ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം നിയമവിരുദ്ധം

2016-17 വർഷം താഴെ പ്രതിപാദിക്കും പ്രകാരം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് പഞ്ചായത്തിൽ നിന്നും

ദിവസവേതനം നൽകിയിട്ടുണ്ട്. എന്നാൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത് സർക്കാർ നിർദ്ദേശമില്ലാതെയാണ്. ടി ജീവനക്കാർക്ക് ഓഡിറ്റ് വർഷം നൽകിയിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | വേതന മാസം | കൈപ്പറ്റിയ തുക 675 രൂപ നിരക്കിൽ | വൗച്ചർ നം. | ചെക്ക് നം. |
|---|---|---|---|---|---|
| 1. | ശ്രീമതി ശ്രീജ ഡി. നായർ | 4/16, 5/16 (46 ദിവസം) | 31050 | 21600179/ 13.6.16 | 333966/ 13.6.16 |
| 2. | ശ്രീമതി രശ്മി കെ.ആർ. | " (50 ദിവസം) | 33750 | 21600180/ 13.06.16 | 333966/ 13.6.16 |
| 3. | ശ്രീമതി ശ്രീജ ഡി. നായർ<br>ശ്രീമതി രശ്മി കെ.ആർ. | 6/16 (23+24 ദിവസം) | 31725 | 21600266/ 13.7.16 | 334334/ 13.7.16 |
| 4. | " | 7/16 (24+23 ദിവസം) | 31725 | 21600857/ 10.8.16 | 334483/ 10.8.16 |
| 5. | " | 8/16 (22+23 ദിവസം) | 30375 | 21600453/ 07.09.16 | 335020/ 07.09.16 |
| 6. | " | 9/16 (19+19 ദിവസം) | 25650 | 21600523/ 01.10.16 | 334662/ 01.10.16 |
| 7. | " | 10/16 (20+20 ദിവസം) | 27000 | 21600650/ 08.11.16 | 334796/ 08.11.16 |
| 8. | ശ്രീമതി ശ്രീജ ഡി. നായർ | 11/16 (15 ദിവസം) | 10125 | 21600709/ 01.12.16 | 43406/ 01.12.16 |
| 9. | " | 12/16 (23 ദിവസം) | 15525 | 21600835/9/1/17 | 335593/9.1.17 |
| 10. | " | 1/17 (20 ദിവസം) | 13500 | 21600887/1.02.17 | 7643418/1.02.17 |
| 11. | " | 2/17 (18 ദിവസം) | 12150 | 21600979/1.3.17 | 8342891/1.03.17 |
| | ആകെ | | 262575 | | |

സർക്കാർ അനുമതിയില്ലാതെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-10 ആശ്രയ -വികസനഫണ്ട് നിഷ്ക്രിയം

ആശ്രയ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസന വികസനത്തിന് 2016-17 വർഷം വികസനഫണ്ട് 20,34,500/- രൂപ 337102010013129 നമ്പരിലുള്ള ആശ്രയ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഏറ്റെടുത്ത് നടത്തി വരുന്ന അഞ്ച് ഭവന നിർമ്മാണ പദ്ധതികൾക്ക് ഇനി നല്കാനുള്ളത് 2,70,000/- രൂപ മാത്രമാണ്. ആശ്രയ പദ്ധതിയിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തി ആനുപാതികമായി തുക കൈമാറുന്നതിന് പകരം

വൻ തുക കൈമാറിയത് പദ്ധതിച്ചെലവ് പെരുപ്പിച്ച് കാണിക്കുന്നതിനാണെന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. നിലവിൽ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന തുക നിഷ്ക്രിയമായി ആശ്രയ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

## 3-11 ഭൂജലവകുപ്പിൽ നിക്ഷേപിച്ച 1890915 രൂപയുടെ പ്രവൃത്തി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

2016-17 വർഷം പഞ്ചായത്തിൽ നിന്നും, കുഴൽ കിണർ നിർമ്മാണത്തിന് ഭൂജലവകുപ്പിൽ നിക്ഷേപിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. (ഭൂജലവകുപ്പ് സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ട് 70801140000051 ലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു)

| ക്രമ.നം | പ്രോജക്റ്റ് നം | തുക | നിർവ്വഹണം |
|---|---|---|---|
| 1 | 336/17 | 78000 (തനത് ഫണ്ട്) | സെക്രട്ടറി |
| 2 | 351/17 | 1720415(1354138-ധനകാര്യകമ്മീഷൻ അവാർഡ് , 366277 – തനത് ഫണ്ട്) | |
| 3 | 20/17 | 92500 | |
| | ആകെ | 1890915 | |

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിൽ 18,90,915/- രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, കിണർ നിർമ്മാണം പൂർത്തിയാക്കി ഭൂജല വകുപ്പിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും നിർമ്മിക്കുന്ന കിണറുകളുടെ മൂല്യനിർണ്ണയം നടത്തി അധികത്തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനവിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 18,90,915/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ജനറേറ്റർ സ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് - എനർജി മീറ്റർ ടെസ്റ്റ് നടത്താതെ ജനറേറ്റർ പ്രവർത്തിപ്പിക്കുന്നു

പ്രോജക്റ്റ് നം - 24/17

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 84600 ( തനത് ഫണ്ട്)

(ഡി.ഡി.നം-679787/29.09.2016)

പഞ്ചായത്തിലെ 25 കെ.വി. ജനറേറ്റർ പ്രവർത്തനക്ഷമമാക്കുവാൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അംഗീകാരത്തോടെ കരാറുകാരായ പവർസെൽ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് പ്രവൃത്തി ആരംഭിച്ചു. പ്രോജക്റ്റ് പൂർത്തീകരിച്ച് പ്രവർത്തനാനുമതി ലഭിക്കുന്നതിനായി കരാറുകാരൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഉദ്യോഗസ്ഥരെക്കൊണ്ട് പരിശോധിപ്പിച്ചു. എനർജി മീറ്റർ പരിശോധിച്ച് ലഭിക്കുന്നതിന് കാലതാമസം വരുമെന്നുള്ളതിനാൽ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ലഭിക്കുന്നതിന് മുൻപേ കരാറുകാരന് തുക നൽകുകയും ജനറേറ്റർ പ്രവർത്തിപ്പിച്ച് വരികയും ചെയ്യുന്നു. എന്നാൽ നാളിതുവരെ അനുമതിപത്രം ലഭിച്ചിട്ടില്ല. അനുമതി പത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 84,600/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ഗുണഭോക്തൃ സമിതി മുഖേന നിർമ്മാണപ്രവൃത്തികൾ --സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും ഗുണഭോക്തൃസമിതി മുഖാന്തിരമാണ് നടപ്പിലാക്കിയത്. പ്രസ്തുത പ്രവൃത്തികൾ എല്ലാം തന്നെ 1999 ലെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖ ലംഘിച്ചാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് പ്രവൃത്തികളുടെ ഫയലുകൾ

പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(5) പ്രകാരം ഗുണഭോക്തൃസമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട് വെളിപ്പെടുന്ന പക്ഷം ഗുണഭോക്തൃസമിതിയുടെ കൺവീനർ പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും, ബിനാമി ഇടപാടിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുന്നതുമാണ്. എന്നാൽ ഒരേ കയ്യക്ഷരത്തിൽ വൗച്ചറുകൾ തയ്യാറാക്കിയ ഒന്നിലധികം പ്രവൃത്തികൾ ബിനാമി ഇടപാടുകളിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടിക്രമം വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/ത.സ്വ.ഭ.വ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.2013-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(2)-ൽ ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചല്ല ഗുണഭോക്തൃസമിതികൾ രൂപീകരിച്ചിട്ടുള്ളത്. ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതുമാണ്. 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മേലൊപ്പിടേണ്ടതുമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസിസ്റ്റന്റ് എഞ്ചിനീയറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃസമിതിയുടെ ചെയർമാനും, കൺവീനറും അംഗങ്ങളും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾതന്നെ ആയിരിക്കണമെന്നും ആയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകണമെന്നും പദ്ധതി നിർവ്വഹണമാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും പ്രത്യക്ഷത്തിൽ വിശ്വസനീയവും സത്യസന്ധവുമല്ല. കൺവീനർമാർ ആരും തന്നെ പണിനടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ലെന്നതും ശ്രദ്ധേയമായ കാര്യമാണ്. ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവിടുന്ന തുകയോ ബിൽ ബുക്ക് പ്രകാരമുള്ള തുകയോ ഏതാണോ കുറവ് അതാണ് കൺവീനർക്ക് നൽകേണ്ടത് എന്നിരിക്കെ ഇത് സംബന്ധിച്ച് യാതൊരു താരതമ്യപഠനവും നടത്താതെയാണ് തുക നൽകിയിട്ടുള്ളത്. മേൽ പ്രസ്താവനകളെ സാധൂകരിക്കുന്ന ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എം ബുക്ക് പ്രകാരമുള്ള ചെലവ് | അപാകതകൾ |
|---|---|---|---|
| 1 | മുണ്ടമറ്റം-ഇലവുംകുന്നേൽ റോഡ് കോൺക്രീറ്റിംഗ് | 191748/- | എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല |
| 2 | പന്നുകളം-ഇഞ്ചക്കുഴി റോഡ് | 195381/- | വൗച്ചറും മസ്റ്റർ റോളും ഫയലിൽ |

| | | | |
|---|---|---|---|
| | കോൺക്രീറ്റിംഗ് | | സൂക്ഷിച്ചിട്ടില്ല |
| 3 | ഇടത്തിനകംപടി-ഉറുമ്പിൽപാലം റോഡ് കോൺക്രീറ്റിംഗ് | 97506/- | വൗച്ചറും മസ്റ്റർ റോളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കമ്മറ്റി ബുക്ക് കൃത്യമായി ക്ലോസ് ചെയ്തിട്ടില്ല. |
| 4 | ബായ് കോളനി-കുളത്തുങ്കൽ റോഡ് കോൺക്രീറ്റിംഗ് | 93000/- | കമ്മറ്റി ബുക്ക് കൃത്യമായി ക്ലോസ് ചെയ്തിട്ടില്ല. |
| 5 | 35-ാം മൈൽ അയ്യപ്പൻ കോളനി റോഡ് കോൺക്രീറ്റിംഗ് | 50000/- | വൗച്ചറും മസ്റ്റർ റോളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കമ്മറ്റി ബുക്ക് കൃത്യമായി ക്ലോസ് ചെയ്തിട്ടില്ല. |
| 6 | സ്രാമ്പി പൈങ്ങണ റോഡ് കോൺക്രീറ്റിംഗ് | 190789/- | വൗച്ചറും മസ്റ്റർ റോളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കമ്മറ്റി ബുക്ക് കൃത്യമായി ക്ലോസ് ചെയ്തിട്ടില്ല. |
| 7 | സ്രാമ്പി പുത്തൻറോഡ് കോൺക്രീറ്റിംഗ് | 30000/- | എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല |
| 8 | സ്രാമ്പി- ഇഞ്ചിയാനി പൈങ്ങണ റോഡ് കോൺക്രീറ്റിംഗ് | 200000/- | എം ബുക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല |
| 9 | വണ്ടൻപതാൽ കാരിപ്പുറം ഫുട്പാത്ത് കോൺക്രീറ്റിംഗ് | 49643/- | വൗച്ചറും മസ്റ്റർ റോളും കമ്മറ്റി ബുക്കും ഫയലിൽ സൂക്ഷിച്ചിട്ടില്ല. |
| 10 | പഞ്ചിമ ടോപ്പ് റോഡ് കോൺക്രീറ്റിംഗ് | 380013/- | വൗച്ചറും മസ്റ്റർ റോളും കമ്മറ്റി ബുക്കും ഫയലിൽ സൂക്ഷിച്ചിട്ടില്ല. |
| 11 | താണിക്കപ്പതാൽ അമരാവതി അമ്പലംറോഡ് കോൺക്രീറ്റിംഗ് | 45031/- | വൗച്ചറും മസ്റ്റർ റോളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കമ്മറ്റി ബുക്ക് കൃത്യമായി ക്ലോസ് ചെയ്തിട്ടില്ല. |

ഗുണഭോക്തൃസമിതികൾ മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളിൽ ഏറിയ പങ്കും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടത്തിയിട്ടുള്ള സാഹചര്യങ്ങളിൽ പ്രവൃത്തികൾക്ക് ഗണ്യമായ ശതമാനം വരെ കുറഞ്ഞനിരക്കിൽ കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളതായി പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവൃത്തികൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് സുതാര്യമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ടെണ്ടർ ഫാറം വില്പന ഇനത്തിലും, ടെണ്ടർ സേവിംഗ്സ് ഇനത്തിലും ലക്ഷക്കണക്കിന് രൂപ ഗ്രാമപഞ്ചായത്തിന് ലാഭിക്കാമായിരുന്നു. കൺവീനർ പ്രവൃത്തി നടത്തുമ്പോൾ പിഴ ഒടുക്കാതെ പ്രവൃത്തി വർഷങ്ങളോളം നീട്ടിക്കൊണ്ടു പോകുന്നതിനും, പ്രവൃത്തി നിർവ്വഹണത്തിലുണ്ടാകുന്ന വീഴ്ചകളുടെ ബാദ്ധ്യതയിൽനിന്നും ഒഴിവാകുന്നതിനും ശ്രമമുണ്ട്.

നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിൽ ജനപങ്കാളിത്തത്തോടെ സുതാര്യമായും, ഗുണനിലവാരം പുലർത്തിയും ചെലവ് ചുരുക്കിയും നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഗുണഭോക്തൃസമിതികൾ മുഖാന്തിരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ ഈ ഉദ്ദേശ്യങ്ങളെ പാടെ നിരാകരിക്കുന്ന തരത്തിലാണ് ഗ്രാമപഞ്ചായത്തിൽ പദ്ധതി നിർവ്വഹണം നടന്നിരിക്കുന്നത്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് വളരെ ചെറിയ റോഡ് കോൺക്രീറ്റിംഗ് പ്രോജക്ടുകളാണ് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളവയിൽ ഏറെയും. ഇത് 18.08.2012 ലെ സ.ഉ.(എം.എസ്.)നം.225/12 തസ്വഭവ യുടെ ലംഘനമാണ്.

## 3-14 എം.ജി.എൻ.ആർ..ഇ.ജി.എസ്.

എം.ജി.എൻ.ആർ.ഇ.ജി.എസ്.പദ്ധതി പ്രകാരം തൻവർഷം തൊഴിൽ കാർഡിന് അപേക്ഷിച്ച 4373 പേർക്കും തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 2016-17 വർഷം 1788 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തൻവർഷം 970 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തു. തൻവർഷത്തെ ലേബർ ബജറ്റ് പ്രകാരം 173 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 120 എണ്ണത്തിന് സാങ്കേതികാനുമതി ലഭിക്കുകയും 120 എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 41013 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 31 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭ്യമായി.

തോട് പുനരുദ്ധാരണം, മഴക്കുഴി നിർമ്മാണം, കമ്പോസ്റ്റ് കുഴി നിർമ്മാണം, കുളം നിർമ്മാണം, വൃക്ഷത്തൈ നടീൽ, റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്.

2016-17 വർഷത്തെ വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു (കാഷ് ബുക്ക് പ്രകാരം).

| | |
|---|---|
| മുന്നിരിപ്പ് | 187 |
| വരവ് | 18184661 |
| പലിശവരവ് | 333 |
| ആകെ | 18185181 |
| ചെലവ് | 18165819 |
| നീക്കിയിരുപ്പ് | 19362 |

## 3-15 വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ഓഡിറ്റ് വേളയിൽ വൗച്ചറുകളുടെ പരിശോധനയിൽ 64 ചെലവു വൗച്ചറുകൾ വൗച്ചർ സഞ്ചയത്തിലോ ബിൽബുക്കിലോ ലഭ്യമല്ല. 24.08.2017-ൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ കത്തിൽ 21600001 മുതൽ 21601317 വരെയുള്ള നമ്പരുകളിലുള്ള വൗച്ചറുകൾ വ്യവഹാരത്തിലുള്ളതായി ഓഡിറ്റിനെ അറിയിച്ചിരുന്നു. ലഭ്യമല്ലാത്ത വൗച്ചറുകളുടെ നമ്പരുകൾ ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 21601015 | 21601041 | 21601091 | 21601238 | 21600945 |
| 21601017 | 21601042 | 21601104 | 21601244 | 21600947 |
| 21601018 | 21601043 | 21601107 | 21601259 | 21600948 |
| 21601019 | 21601044 | 21601108 | 21601260 | 21600949 |
| 21601020 | 21601045 | 21601120 | 21601264 | 21600950 |
| 21601021 | 21601069 | 21601128 | 21601265 | 21600951 |
| 21601022 | 21601074 | 21601141 | 21601275 | 21600952 |
| 21601023 | 21601075 | 21601142 | 21601278 | 21600953 |
| 21601024 | 21601082 | 21601143 | 21601290 | 21600954 |
| 21601028 | 21601083 | 21601149 | 21601291 | 21600955 |
| 21601029 | 21601084 | 21601150 | 21601315 | 21600956 |
| 21601030 | 21601085 | 21601151 | 21601316 | 21600957 |
| 21601031 | 21601086 | 21601221 | 21601317 | |

വൗച്ചറുകളോ വൗച്ചറുകളിന്മേലുള്ള തുകയോ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാകാത്ത സാഹചര്യത്തിൽ 31.08.17-ൽ ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയെങ്കിലും രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ നമ്പരുകൾ പ്രകാരമുള്ള വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000/- | പാൽ അളവിന് ഇൻസെന്റീവ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 299172 | സ്കോളർഷിപ്പ് | 220600 | 78572 |

ജി.ഒ (പി)നം.07/2017 തീയതി 23/1/2017 പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിക്കുന്ന തുകയിൽ ഉപയോഗിക്കാതെ അവശേഷിക്കുന്ന തുക സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ തിരിച്ചടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് പാലിക്കാതെ സൂക്ഷിച്ചിട്ടുള്ള തുക തിരിച്ചടയ്ക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| കെ.എസ്.ഇ.ബി 343/17 | വൈദ്യുതീകരണം | 199300 | 199300 |
| കെ.എസ്.ഇ.ബി 340/17 | മീറ്റർ സ്ഥാപിക്കൽ | 296800 | 296800 |
| കെ.എസ്.ഇ.ബി 338/17 | സ്ട്രീറ്റ് മെയിൻ | 10200 | 10200 |
| ഭൂജലവകുപ്പ്, 336/17 | കുഴൽകിണർ നിർമ്മാണം | 78000 | 78000 |
| ഭൂജലവകുപ്പ്, 20/17 | കുഴൽകിണർ നിർമ്മാണം | 92500 | 92500 |
| ഭൂജലവകുപ്പ്, 18/17 | കുഴൽകിണർ നിർമ്മാണം | 476730 | 476730 |
| ഭൂജലവകുപ്പ്, 282/17 | കുഴൽകിണർ നിർമ്മാണം | 77930 | 77930 |
| ഭൂജലവകുപ്പ്, 359/17 | കുഴൽകിണർ നിർമ്മാണം | 79000 | 79000 |

വിവിധ സ്ഥാപനങ്ങളിൽ പ്രവൃത്തി നടത്തുന്നതിന് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകകൾ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് മൂലധന ചെലവായി മാറ്റേണ്ടതുമാണ്. ഇതിന് വിരുദ്ധമായി മേൽ പറഞ്ഞ തുകകൾ ഡിപ്പോസിറ്റ് ചെയ്തപ്പോൾ തന്നെ മൂലധന ചെലവായി പരിഗണിക്കുകയാണ് ചെയ്തിട്ടുള്ളത്. യഥാർത്ഥ ചെലവ് വ്യത്യസ്തമാണെങ്കിൽ ആയത് വാർഷികകണക്കിൽ പ്രതിഫലിപ്പിക്കപ്പെടാതെ പോകുന്നതിനും, പ്രവൃത്തിയുടെ പൂർത്തീകരണം നിരീക്ഷിക്കുന്നത് തടസ്സം സൃഷ്ടിക്കുന്നതിനും ഇത് ഇടയാക്കുന്നു.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈ ഇനത്തിൽ തുകയൊന്നും നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7500/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | 1078/10 തീ 26-3-2010 | 20967891 | 5042766 | 2096789 | | 2953477 |
| ആർ.ഡി.ബി | 1588/10 തീ 13-5-2010 | 4264248 | 1918916 | 426424 | | 1492492 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 17477462 |
| തൻവർഷം നിക്ഷേപിച്ച തുക | 1329358 |
| ആകെ | 18806820 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 18806820 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം തുക | തുക |
|---|---|
| കണ്ണിമല എസ്.സി.ബി. (എഫ്.ഡി.1) | 1083100 |
| കണ്ണിമല എസ്.സി.ബി. (എഫ്.ഡി 2) | 1086873 |
| എസ്.ബി.റ്റി, പുഞ്ചവയൽ (F D.3) | 1470573 |
| എസ്.സി.ബി, മുണ്ടക്കയം (F D.4) | 1451084 |
| എസ്.ബി.റ്റി, പുഞ്ചവയൽ (F D.5) | 2036890 |
| കണ്ണിമല എസ്.സി.ബി (F D.6) | 717000 |
| എസ്.സി.ബി, മുണ്ടക്കയം (F D.7) | 693916 |
| എസ്.സി.ബി, ഇഞ്ചിയാനി (F D.8) | 1414788 |
| എസ്.ബി.റ്റി, മുണ്ടക്കയം (F D.9) | 1351229 |
| യൂണിയൻ ബാങ്ക് മുണ്ടക്കയം (FD 10) | 1410329 |
| എസ്.ബി.റ്റി, പുഞ്ചവയൽ(FD 11) | 3383654 |
| ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്,(F D 12) | 2000000 |
| എസ്.സി.ബി, ഇഞ്ചിയാനി(FD 13) | 707384 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,65,702/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയതി |
|---|---|---|---|---|
| 2014-15 | 2-2(1) | 276 | ജിജിജോസഫ് പുത്തനങ്ങാടി | 11602103274 1/8/16 |
| 2014-15 | 2-2(1) | 930 | ജിജിജോസഫ് പുത്തനങ്ങാടി | 11602103275 1/8/16 |
| 2014-15 | 2-2(1) | 824 | ജിജിജോസഫ് പുത്തനങ്ങാടി | 11602103276 1/8/16 |
| 2014-15 | 2-2(1) | 708 | ജിജിജോസഫ് പുത്തനങ്ങാടി | 11602103277 1/8/16 |
| 2014-15 | 2-2(1) | 1160 | ജിജിജോസഫ് പുത്തനങ്ങാടി | 11602103278 1/8/16 |

| | | | | |
|---|---|---|---|---|
| 2014-15 | 2-21(2) | 26222 | കെ.സി.ജോസ് കിഴക്കേത്തലക്കൽ | 11602103442 6/8/16 |
| 2014-15 | ലഭ്യമാക്കിയിട്ടില്ല | 13727 | സേതു നടരാജൻ | 11602103800 22/8/16 |
| 2005-06 | „ | 18950 | പൊന്നച്ചൻ വലിയപുതുശ്ശേരി | 11602400018 19/9/16 |
| 2013-14 | „ | 12200 | യു.എ ഷറഫുദ്ദീൻ | 11602500043 21/10/2016 |
| 2005-06 | „ | 5410 | പൊന്നച്ചൻ വലിയപുതുശ്ശേരി | 11602400029 2/11/16 |
| 2005-06 | „ | 43055 | പൊന്നച്ചൻ വലിയപുതുശ്ശേരി | 11602400030 2/11/16 |
| 2005-06 | „ | 5000 | പൊന്നച്ചൻ വലിയപുതുശ്ശേരി | 11602400034 22/12/16 |
| 2005-06 | „ | 10000 | പൊന്നച്ചൻ വലിയപുതുശ്ശേരി | 11602400035 22/12/16 |
| 2015-16 | „ | 300 | ഷാനവാസ് കല്ലുപുരക്കൽ | 11602106947 31/12/2016 |
| 2015-16 | „ | 1500 | എം.കെ.അഷറഫ് | 11602107403 21/1/17 |
| 2014-15 2015-16 | „ | 6000 | മാനേജർ ബിവറേജസ് | 11602108139 17/2/17 |
| 2015-16 | „ | 100 | അലൻസുരേഷ് | 11602108145 17/2/17 |
| 2005-06 | „ | 9500 | പൊന്നച്ചൻ വലിയപുതുശ്ശേരി | 11602500074 17/2/17 |
| 2011-12 | „ | 9840 | പി.ജെ. ജോസഫ് | 11601900024 8/3/17 |

| ആകെ | | 165702 | | |
|---|---|---|---|---|

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 ചെലവ് | 17 | 2000-01 | iv-5-2-9(ബി) | അങ്കണവാടികൾക്ക് കെട്ടിടം പണിയൽ-ധനദുർവിനിയോഗം | നിയമസഭാസമിതി<br>നിർദേശപ്രകാരം തുക തട്ടിക്കിഴിക്കാനാവുമോ എന്ന് പരിശോധിക്കുന്നതിലേക്ക് നിർമ്മിച്ച കെട്ടിട ഭാഗങ്ങളുടെ എസ്റ്റിമേറ്റ് എടുക്കാൻ എൻജിനീയറെ ചുമതലപ്പെടുത്തി. |
| 1997-98 ചെലവ് | 6 | 2000-01 | iv-29 (എ) | മലിനജല കനാൽ വൃത്തിയാക്കൽ-വേലക്കൂലി നൽകൽ | തുക തിരികെയൊടുക്കിയത് ബഹു. നിയമസഭാ സമിതിയെ ബോദ്ധ്യപ്പെടുത്തി. |
| പൊതുപരാമർശം | | 2011-12 | 3-1-23 | കാർഷികപദ്ധതികളും കൃഷിഭവനം -പ്രവർത്തനാവലോകനം. | 17-6-15 ലെ തെളിവെടുപ്പ യോഗത്തിൽ സെക്രട്ടറി കൃഷി ഓഫീസർ എന്നിവർ റിപ്പോർട്ട് നല്കി. |
| പൊതുപരാമർശം | | 2011-12 | 3-1-6 | കൃഷിഭവനിലെ ഭൗതികസാഹചര്യം എന്ന പരാമർശം. | 27.5.15 ലെ തെളിവെടുപ്പ<br>യോഗത്തിൽ റിപ്പോർട്ട നല്കി. |
| 2009-10, 2010-11 | | 2011-12 | 3-1-19 | ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ | 27.5.15 ലെ തെളിവെടുപ്പ യോഗത്തിൽ റിപ്പോർട്ട് നല്കി. |
| 2000-01 | 1എ,1ബി,2എ, 2ബി | 2004-05 | 3-5-4(1) | മത്സ്യമാർക്കറ്റ് കെട്ടിടം പണിയിലെ അപാകത. | തുക തിരികെയൊടുക്കുന്നതിന് കൺവീനർക്ക് നോട്ടീസ് നല്കി. |
| 2004-05 ചെലവ് | 2-12 | 2006-07 | 3-32-1 | കേന്ദ്രാവിഷ്കൃത പദ്ധതി, എസ്.ജി.ആർ.വൈ ഭക്ഷ്യധാന്യ ദുർവിനിയോഗം. | വിജിലൻസ് കേസ് നിലനിൽക്കുന്നു. |
| 1999-2000 | 67,68 | 2002-03 | Vii-5-5-1 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം -ഉയർന്ന നിരക്കിൽ സാധനം വാങ്ങിയതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് 40960/- രൂപ ഈടാക്കി. ബാക്കി തുക ഈടാക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർക്ക് നോട്ടീസ് നല്കി. |
| 99-2000,00-01,01-02 ജനകീയാസൂത്രണം. | 2-8 | 2004-05 | 3-5-1-4-2 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിലെ അപാകത | എം.ബുക്ക്, ഫയൽ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കണമെന്ന് അസിസ്റ്റന്റ് എൻജിനീയറെ അറിയിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 98-99(ചെലവ്) | 18(എ.എഫ്) | 2003-04 | 3-5-4 | പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കരാർ വ്യവസ്ഥയിൽ ചെയ്ത മരാമത്ത് പ്രവൃത്തികൾ | ബഹു.നിയമസഭാ സമിതിയുടെ നിർദേശാനുസരണം പരാമർശം ഒഴിവാക്കുന്നതിന് ലോ.ഫ.ഓഡിറ്റിന് 25.4.15ൽ അപേക്ഷ നല്കി. |

## 4-8 ഓഡിറ്റ് പ്രത്യുവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 124111867.06 (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83094193 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2031699 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

പഞ്ചായത്ത് ഫണ്ടിന് വ്യക്തമായ നഷ്ടം ഉണ്ടായിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 53,200 | ശ്രീ.കെ.സെൻകുമാർ, സെക്രട്ടറി, മുണ്ടക്കയം ഗ്രാമപഞ്ചായത്ത് |
| 3-7 | 2,984 | ഡോ.ഫക്രുദ്ദീൻ എ., മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-11 | 18,90,915 | ശ്രീമതി ഗിരിജാകുമാരി അയ്യപ്പൻ, സെക്രട്ടറി, മുണ്ടക്കയം ഗ്രമാപഞ്ചായത്ത് |
| 3-12 | 84,600 | ശ്രീ.കെ.സെൻകുമാർ, സെക്രട്ടറി, മുണ്ടക്കയം ഗ്രമാപഞ്ചായത്ത് |
| ആകെ | 20,31,699 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

റിപ്പോർട്ടിൽ വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 96-97(വരവ്) | എൽ.എഫ്.കെ.പി 13/654(2)/അദാ/14/ 23.12.14 | 1 |
| 97-98(വരവ്) | എൽ.എഫ്.കെ.പി 13/654(4)/അദാ./14/ 23.12.14 | 1 |
| 97-98(ചെലവ്) | എൽ.എഫ്.കെ.പി.13/654(5)/അദാ./14/ 23.12.14 | 19 |
| 98-99 .ടി | എൽ.എഫ്.കെ.പി8/284/03/15.12.03/ 8.3.04 | - |
| 98-99(വരവ്) | എൽ.എഫ്.കെ.പി.13/654(6)/അദാ.14/ 23.12.14 | 2 |
| 99-2000 | എൽ.എഫ്.കെ.പി 8/1043/01/28.7.06/ 8.8.06 | 76 |
| 00-01 | എൽ.എഫ്.കെ.പി. 9/1043/08/3.6.09 | 17 |
| 01-02 | എൽ.എഫ്.കെ.പി.9/1044/08/30.6.09 | - |
| 00-01&01-02 ജനകീയാസൂത്രണം | എൽ.എഫ്.കെ.പി..13/1111/ 11/ 23.7.12 | 25 |
| 02-03(വരവ്) | എൽ.എഫ്.കെ.പി 9/1045/08/3.7.09 | 7 |
| 02-03(ചെലവ്) | എൽ.എഫ്.കെ.പി.9/63/06/5.11.09 | 16 |
| 03-04(വരവ്) | എൽ.എഫ്.കെ.പി9/1046/08/6.7.09/ 8.9.09 | 11 |
| 03-04(ചെലവ്) | എൽ.എഫ്.കെ.പി9/81/07/6.11.07/4.12.07 | 33 |
| 04-05(വരവ്) | എൽ.എഫ്.കെ.പി9/827/08/3.3.10 | 23 |
| 04-05(ചെലവ്) | എൽ.എഫ്.കെ.പി.1/190/അദാ./ഇ4/23.2.11 | 11 |
| 05-06 | എൽ.എഫ്.കെ.പി1/960/അദാ.എൽ.(3)/2011(6)/25.8.11 | 14 |
| 06-07 | എൽ.എഫ്.കെ.പി9/552/14.5.12 | 19 |
| 07-08 | എൽ.എഫ്.കെ.പി13/530/13/13.6.13 | - |
| 08-09 | എൽ.എഫ്.കെ.പി13/530(1)/13/15.6.13 | 11 |
| 09-10 | എൽ.എഫ്.കെ.പി.13/530(2)/13/15.6.13 | - |

| | | |
|---|---|---|
| 10-11&11-12 | എൽ.എഫ്.കെ.പി 13/159/14/27.3.14 | - |
| 12-13 | കെ.എസ്.എ-കെ.ടി.എം.പി.13/1572/14/ 10.8.15 | 11 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.13/1599/2015/ 4.1.16/11.1.16 | 28 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.13/861/16/ 27.6.16 | 35 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/4/17/ 10/01/17 | 17 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.ടി.എം.പി 11/1422/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി: 05.10.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം